# നാഷണൽ സേഫ്റ്റി കൗൺസിൽ

## (കേരള ഘടകം)

സേഫ്ടി ട്രെയ്നിംഗ് & റിസർച്ച് സെന്റർ (STARC)
സീപോർട്ട്-എയർപോർട്ട് റോഡ്, ഇരുമ്പനം – 682 309
Telephone: (0484) 2774060, 2541060, E-mail: nsckeralachapter@gmail.com, trainingnsckc@gmail.com, Web: www.nsckerala.org

## ദേശീയ സുരക്ഷിതത്വ ദിനാഘോഷം-2021

**50-ാം ദേശീയ സുരക്ഷിതത്വ ദിനാഘോഷത്തോടനുബന്ധിച്ച് ദേശീയ സുരക്ഷിതത്വ സമിതി (കേരള ഘടകം) സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി താഴെപ്പറയുന്ന സുരക്ഷിതത്വ ബോധവൽക്കരണ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. 1. ഉപന്യാസം, 2. ക്വിസ് മത്സരം.**

### പൊതു നിബന്ധനകൾ

**ഗ്രൂപ്പ് 'എ' : ഹൈസ്കൂൾ, ഐ.ടി.ഐ., +2 വിദ്യാർത്ഥികൾ**
**വിഷയം: കോവിഡ് 19 പോലുള്ള മഹാമാരി ഘട്ടത്തിൽ അച്ചടക്കത്തിന്റെ പ്രാധാന്യം**
**(Importance of discipline during Covid 19 pandemic period)**

**ഗ്രൂപ്പ് 'ബി' : കോളെജ്, പോളിടെക്നിക് വിദ്യാർത്ഥികൾ**
**വിഷയം: ആരോഗ്യപരിപാലനത്തിൽ വ്യായാമത്തിന്റെ പ്രാധാന്യം**
**(Importance of exercise in maintaining health)**

1. ഉപന്യാസ മത്സരങ്ങൾ, ഇംഗ്ലീഷിലും മലയാളത്തിലും വെവ്വേറെയാണ് നടത്തുന്നത്.
2. ഉപന്യാസം 1500 വാക്കുകളിൽ കവിയാൻ പാടില്ല. കടലാസിന്റെ ഒരു വശത്തു മാത്രം വൃത്തിയായി എഴുതി അയയ്ക്കേണ്ടതാണ്. **ടൈപ്പ് ചെയ്തത് സ്വീകരിക്കുന്നതല്ല.**
3. മത്സരാർത്ഥികൾ, മേൽപ്പറഞ്ഞ ഏതു ഗ്രൂപ്പിൽ പെടുന്നുവെന്ന് തെളിയിക്കുന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.
4. ഉപന്യാസത്തിന് ഒരു സ്ഥാപനത്തിൽ നിന്ന് **5 പേരിൽ കൂടുതൽ** മത്സരിക്കാൻ പാടില്ല. ക്വിസ് മത്സരത്തിന് **2 പേരടങ്ങുന്ന ഒരു ടീമിന്** ഒരു സ്ഥാപനത്തിൽ നിന്ന് മത്സരിക്കാവുന്നതാണ്.
5. മത്സരാർത്ഥിയുടെ പേരും മേൽവിലാസവും ഫോൺ നമ്പരും സമർപ്പിക്കുന്ന ഉപന്യാസത്തിൽ എഴുതുവാൻ പാടില്ല. മറ്റൊരു കടലാസിൽ എഴുതി മാറ്ററിനൊപ്പം പിൻ ചെയ്യണം.
6. ഓരോ ഇനത്തിലും രണ്ടു സമ്മാനങ്ങൾ വീതം നൽകുന്നതാണ്.
7. ദേശീയ സുരക്ഷിതത്വ ദിനമായ മാർച്ച് 4-ാം തീയതി സംഘടിപ്പിക്കുന്ന പൊതുസമ്മേളനത്തിൽ വച്ച് സമ്മാനദാനം നിർവ്വഹിക്കുന്നതാണ്.
8. സമ്മേളന സ്ഥലവും സമയവും സമ്മാനാർഹരെ യഥാസമയം അറിയിക്കുന്നതാണ്. സമ്മാനാർഹരായ വിദ്യാർത്ഥികൾക്ക് ഒരാളെ കൂടെ കൊണ്ടുവരാവുന്നതും അവരുടെ വാസസ്ഥലത്തു നിന്ന് സമ്മേളന സ്ഥലത്ത് വരുവാനും തിരിച്ച് പോകുവാനുമുള്ള ബസ്/2-ാം ക്ലാസ് ട്രെയിൻ ചാർജ്ജ് നൽകുന്നതുമാണ്.
9. 2021 ഫെബ്രുവരി 5-ാം തീയതിക്ക് മുമ്പായി ഉപന്യാസം എഴുതി സമർപ്പിക്കണം.
10. 2021 ഫെബ്രുവരി 5-ാം തീയതിക്ക് മുമ്പായി ക്വിസ് മത്സരത്തിനുള്ള ടീം അംഗങ്ങളുടെ പേര് അറിയിക്കേണ്ടതാണ്. മത്സരത്തിനുള്ള സ്ഥലം, തീയതി, സമയം എന്നിവ അറിയിക്കുന്നതാണ്.

**ഉപന്യാസവും ക്വിസ് മത്സരത്തിനുള്ള ടീം അംഗങ്ങളുടെ പേരും സമർപ്പിക്കേണ്ട വിലാസം:**

**സെക്രട്ടറി, നാഷണൽ സേഫ്റ്റി കൗൺസിൽ (കേരള ഘടകം)**

സേഫ്ടി ട്രെയ്നിംഗ് & റിസർച്ച് സെന്റർ, സീപോർട്ട്-എയർപോർട്ട് റോഡ്, ഇരുമ്പനം – 682 309
Telephone: (0484) 2774060, 2541060, E-mail: nsckeralachapter@gmail.com, trainingnsckc@gmail.com, Web: www.nsckerala.org